പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2879 **29-10-2026-ൽ മറുപടിയ്ക്ക്**

പാറശ്ശാല നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പാറശ്ശാല മണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം, ആയയിൽ മുള്ളറവിള പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും;

മറുപടി: പ്രസ്തുത പാലങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്കായി ടെൻഡർ ചെയ്ത് 4 bidders - നെ തിരഞ്ഞെടുത്തിരുന്നു. എന്നാൽ, സമയബന്ധിതമായി ടി പദ്ധതികളുടെ PED യുടെ അംഗീകാരം കിഫ്ബിയിൽ നിന്ന് ലഭ്യമാകാത്തതിനാൽ കരാറിലേർപ്പെടാൻ ആവശ്യമായ firm period പുതുക്കി നൽകുന്നതിന് L1 bidder വിസമ്മതിച്ചു. ടി അവസരത്തിൽ പുതുക്കിയ rate revision പ്രാബല്യത്തിൽ വന്നതിനാൽ ചട്ട പ്രകാരം പുതുക്കിയ നിരക്കിൽ TS നൽകി ടെൻഡർ ചെയ്യേണ്ടതായി വന്നു. കുടുവീട്ടിൽക്കടവ് പാലം പ്രവൃത്തി TS നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ കെ.ആർ.എഫ്.ബി. യുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. ആയയിൽ മുള്ളറവിള പാലം നിർമ്മാണത്തിനായുള്ള ടെൻഡർ 17.10.2026 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എഫ്.ഡി.ആർ.(ഫുൾ ഡെപ്ത് റീക്ലമേഷൻ) സാങ്കേതിക വിദ്യ വിനിയോഗിച്ച് നവീകരിക്കുന്ന കീഴാറൂർ-പശുവണ്ണറ റോഡ്, ചൂണ്ടിക്കൽ-ശുരവക്കാണി റോഡ് എന്നിവയുടെ ഭൗതിക-സാമ്പത്തിക നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: പശുവണ്ണറ-അരുവിക്കര- കീഴാറൂർ റിംഗ് റോഡ്

ഭൗതിക പുരോഗതി - 90%

സാമ്പത്തിക പുരോഗതി - 75%

ചൂണ്ടിക്കൽ-കുട്ടപ്പൂ-ശുരവക്കാണി റോഡ്

ഭൗതിക പുരോഗതി - 50 %

സാമ്പത്തിക പുരോഗതി - 50%

(സി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർണ്ണമായി നിർവഹിച്ചിട്ടുണ്ടോ; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ വിശദമാക്കാമോ;

മറുപടി: ടി റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. നിലവിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുമുള്ള യാതൊരു പ്രവൃത്തികളും ഒഴിവാക്കിയിട്ടില്ല.

(ഡി) പ്രസ്തുത റോഡുകളിൽ ഉൾപ്പെട്ട കൾവർട്ടുകൾ, ഓവുചാലുകൾ, പാർശ്വഭിത്തികൾ എന്നിവയുടെ നിർമ്മാണം അനാവശ്യമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽവെർട്ടുകൾ, സംരക്ഷണഭിത്തികൾ, ഓടകൾ എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും, ആയതു പൂർത്തീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 31-12-2026 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) ചൂണ്ടിക്കൽ-ശ്രുരവക്കാണി റോഡിന്റെ ഭാഗമായുള്ള മരപ്പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ചൂണ്ടിക്കൽ - കുട്ടപ്പു - ശ്രുരവക്കാണി റോഡ് നിർമ്മാണത്തിനായുള്ള സാമ്പത്തികാനുമതിയിൽ പ്രസ്തുത റോഡിലുള്ള മരപ്പാലം നിർമ്മാണത്തിനായുള്ള തുകയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ, ഡിസൈൻ വിഭാഗം ലഭ്യമാക്കിയ പുതുക്കിയ ഡിസൈൻ പ്രകാരം ചില വ്യതിയാനങ്ങൾ വന്നിട്ടുള്ളതിനാൽ ആയത് ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ